"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കിളിമാനൂർ ഗ്രാമപഞ്ചായത്ത് - ഇ.എം.എസ് ഭവനപദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ടിരിക്കുന്ന ശ്രീമതി . പുഷ്പമണിയുടെ വസ്തുവിൽ നിന്നും 14 സെന്റ് വസ്തുവിന്മേലുള്ള ബാധ്യത ഒഴിവാക്കി നൽകുന്നതിന് അനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3136/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/12/2018

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 4/09/2018, 08/10/2018 തീയതികളിലെ PAN/21949/2018-(DP), PAN/21949/2018-J2(DP) നമ്പർ കത്തുകൾ.

2 ശ്രീമതി. പുഷ്പമണിയുടെ 25/06/2018ലെ അപേക്ഷ.

**ഉത്തരവ്**

കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ 2009-10 വർഷത്തിലെ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താവായ ശ്രീമതി. പുഷ്പമണി, ഇ.എം.എസ് ഭവന പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ടിയാളുടെ 50 സെന്റ് വസ്തുവും 10 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയില്ലെന്ന് പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. സർക്കാർ ധനസഹായത്താൽ നിർമ്മിച്ച വീടും , വീട് ഉൾപ്പെടുന്ന 36 സെന്റ് വസ്തുവും കഴിച്ച് ബാക്കി വരുന്ന 14 സെന്റ് വസ്തു ഭവന നിർമ്മാണത്തിനായി ബാങ്കിൽ നിന്നും ലോണെടുക്കുന്നതിന് മകന് നൽകുന്നതിനായി ടി കരാർ വ്യവസ്ഥയിൽ നിന്നുംതന്നെ ഒഴിവാക്കി നൽകണമെന്ന ആവശ്യപ്പെട്ടുകൊണ്ടു കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കു അപേക്ഷ സമർപ്പിക്കുകയുണ്ടായി . സെക്രട്ടറിയുമായുള്ള കരാർ നിലവിലിരിക്കേ വസ്തു മകനും അനന്തരവകാശിയും എന്ന നിലയിൽ ധനനിശ്ചയാധാരം രജിസ്റ്റർ ചെയ്യാമെങ്കിലും പ്രസ്തുത സ്ഥലം ബാങ്കിൽ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന് ബാങ്ക് നിയമപ്രകാരം സാധ്യമല്ലാത്തതിനാൽ മകന് നൽകാൻ ഉദ്ദേശിക്കുന്ന 14 സെന്റ് സ്ഥലത്തിന്റെ മാത്രം ബാധ്യത ഒഴിഞ്ഞ് നൽകാവുന്ന നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. പുഷ്പമണിയുടെ അപേക്ഷ റിപ്പോർട്ടുസഹിതം പഞ്ചായത്ത് ഡയറക്ടർക്കു സമർപ്പിക്കുകയും പഞ്ചായത്ത് ഡയറക്ടർ ആയതു ശുപാർശ സഹിതം പരാമർശം 1

പ്രകാരം സർക്കാരിൽ ലഭ്യമാകുകയുമുണ്ടായി .

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ 2009-10 വർഷത്തിലെ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താവായ ശ്രീമതി. പുഷ്പമണിയുടെ കരാറിൽ ഏർപ്പെട്ട 50 സെൻ്റ് വസ്തുവിൽ , ടി വീട് ഉൾപ്പെടുന്ന 36 സെൻ്റ് വസ്തു കഴിച്ച് മകന് ഭവന നിർമ്മാണത്തിനായി ബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിന് 14 സെൻ്റ് സ്ഥലം മാത്രം ബാധ്യത ഒഴിവാക്കി നൽകുന്നതിന് കിളിമാനൂർ ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി. പുഷ്പമണി ടിഎസ്, പേഴുവിള വീട്, മലക്കൽ പിഒ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഗ്രാമ വികസനകമ്മീഷണർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature Valid
Digitally signed by HIJU P PAUL
Date: 2018.1 &14:21 IST
Reason: Approved
സെക്ഷൻ ഓഫീസർ